നിർമ്മിതി കേന്ദ്രത്തിലെ നിയമനങ്ങൾ

219 (2251) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിൽ കഴിഞ്ഞ നാലുകൊല്ലങ്ങൾക്കുള്ളിൽ എത്ര ജീവനക്കാരെയാണ് നിയമിച്ചിട്ടുള്ളത് ; ഇതിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നേടിയവരെത്രയെന്നും സ്ഥിരം നിയമനം നേടിയ വരെത്രയെന്നും വെളിപ്പെടുത്തുമോ ;

(ബി) കരാർ -സ്ഥിരം നിയമനം നടത്തുന്നതിന് നിർമ്മിതികേന്ദ്രം സ്വീകരിച്ചിട്ടുള്ള മാനദണ്ഡമെന്തെന്ന് വ്യക്തമാക്കുമോ ;

(സി) നിർമ്മിതികേന്ദ്രത്തിൽ നിലവിൽ എത്ര ജീവനക്കാരുണ്ടെന്നും അവരിൽ കരാർ നിയമനം നേടിയവരെത്രയെന്നും സ്ഥിരം നിയമനം നേടിയ വരെത്രയെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നിയമനങ്ങൾ ഒന്നും നടത്തിയിട്ടില്ല. എന്നാൽ പ്രോജക്ടുകളുടെ നടത്തിപ്പിനായി കരാർ അടിസ്ഥാനത്തിൽ വിവിധ സെന്ററുകളിലായി 43 പേരെ നിയോഗിച്ചിട്ടുണ്ട്.

(ബി) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ഏറ്റെടുത്ത് നടത്തുന്ന നിർമ്മാണ പ്രവർത്തികളുടെ ആവശ്യകതയനുസരിച്ച് 179 ദിവസത്തേക്ക് അല്ലെങ്കിൽ പ്രോജക്ട് കാലാവധിവരെ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതിനാണ് ആൾക്കാരെ നിയോഗിക്കുന്നത്. പ്രോജക്ടുകളുടെ സ്വഭാവമനുസരിച്ച് യോഗ്യരായ ആളുകളെ സംസ്ഥാന സർവ്വീസിൽ നിന്നും വിരമിച്ചവരിൽ നിന്നും കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിൽ അപ്രന്റിസ് ആയി ജോലി ചെയ്തിരുന്നവരിൽ നിന്നും, പ്രോജക്ട് പ്രദേശത്തുള്ളവരിൽ നിന്നുമായി നിയമിക്കുന്നു. സ്ഥിരംനിയമനം കഴിഞ്ഞ നാലുകൊല്ലങ്ങൾക്കുള്ളിൽ നടത്തിയിട്ടില്ല.

(സി) നിർമ്മിതി കേന്ദ്രത്തിൽ 110 സ്ഥിരം ജീവനക്കാരും, കരാർ അടിസ്ഥാനത്തിൽ 43 പേരും നിലവിൽ ജോലിചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly